# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4784** **19.05.2017-ൽ മറുപടിയ്ക്ക്**

**ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അനൂപ് ജേക്കബ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഭവനനിർമ്മാണ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന ഭവന പദ്ധതിയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഗവൺമെൻറിന്റെ അംഗീകാരം നൽകി. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാവനശേഷി സൗകര്യ വികസനവും എന്നതിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന സമഗ്ര ഭവന പദ്ധതിയിൽ ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 4800 ലക്ഷം രൂപ വകയിരുത്തിയിരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി സൗകര്യ വികസനവും എന്നതിൽപ്പെടുത്തി 2017-18 വർഷം നടപ്പിലാക്കുന്ന ഭവന പദ്ധതിയിൽ 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധന സഹായത്തിനായി 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18 -ൽ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണത്തിന് 2000 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| ബി) | പദ്ധതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായങ്ങൾ ആണ് നൽകുന്നത്; വിവരിക്കാമോ; | ബി) 1. ഭൂരഹിത ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റ് നിർമ്മിച്ച നൽകുന്നു.<br>2. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.<br>3. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. |
| സി) | പദ്ധതിയ്ക്കുള്ള ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | സി) 07.12.2016 ലെ സർക്കാർ ഉത്തരവ് (സാധാ).നം.875/2016/മതുവ നമ്പർ പ്രകാരം ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധന സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടു ണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ആയത് പ്രകാരമാണ് പദ്ധതിയ്ക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. |
| ഡി) | ഈ പദ്ധതിയ്ക്ക് എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ? | ഡി) 2014-15 വർഷം ഭരണാനുമതി നൽകിയ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ വലിയതുറയിൽ 8 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടു ണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ഫിഷറീസ് വകുപ്പിന് ലഭ്യമായ 3.5 ഏക്കർ ഭൂമിയിൽ 192 മത്സ്യ തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതിക്ക് 17.95 കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു.<br>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി സൗകര്യ വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന സമഗ്ര ഭവന പദ്ധതിയിൽ ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 4800 ലക്ഷം രൂപ വകയിരുത്തിയിരുന്നു.<br>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി സൗകര്യ വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കുന്ന ഭവന പദ്ധതിയിൽ 2017-18 വർഷം 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം |

വാങ്ങി വീട് വെയ്ക്കുന്നതിന് ധനസഹായ ത്തിനായി 7500 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. 2017-18-ൽ 200 മത്സ്യത്തൊഴിലാളി കുടുംബ ങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണത്തിന് 2000 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

# കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം നൽകുന്ന പദ്ധതി -മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (സാധാ) നം. 875 /16/മ. തു.വ തിരുവനന്തപുരം, തീയതി. 7/12/2016

പരാമർശം:- 1. സ.ഉ(സാധാ) നമ്പർ 525/2016/മതുവ തീയതി 18/08/2016
2. ഫിഷറീസ് ഡയറക്ടറുടെ 28.09.2016-ലെ എൻ1/6614/2016 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

### I അർഹത

1. അപേക്ഷകൻ അംഗീകൃത മത്സ്യത്തൊഴിലാളിയും ഭൂരഹിതനും ആയിരിക്കണം.
2. ഭൂമിയില്ലാത്ത കുടുംബം ആണെന്ന് മത്സ്യഭവൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.
3. അപേക്ഷകൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളയാളും നിലവിൽ വിഹിതം പൂർണ്ണമായും അടച്ചുകൊണ്ടിരിക്കുന്ന വിവാഹിതനും കുടുംബസമേതം താമസിക്കുന്ന മത്സ്യത്തൊഴിലാളിയും ആയിരിക്കണം. ഭാര്യയോ ഭർത്താവോ മരിച്ചുപോകുകയോ നിയമാനുസൃതമായി വിവാഹമോചിതരായവരോ ആയ മത്സ്യത്തൊഴിലാളികൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.
4. അപേക്ഷകന് സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ വസ്തു ഉണ്ടായിരിക്കരുത്.
5. അപേക്ഷകന്റെ വാർഷികവരുമാനം 60,000/- രൂപയിൽ താഴെയായിരിക്കണം.
6. ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് കുറഞ്ഞത് 2 സെന്റോ പരമാവധി 3 സെന്റോ വസ്തു സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്.
7. വരുമാനം തെളിയിക്കുന്നതിന് റവന്യൂ/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും തൊഴിൽ തെളിയിക്കുന്നതിന് ഫിഷറീസ് ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റും ഹാജരാക്കണം.

8. അപേക്ഷകൻ വിവാഹിതനായിരിക്കണം. 21 വയസ്സിൽ കുറയുവാനും 60 വയസ്സിൽ കൂടുവാനും പാടുള്ളതല്ല.

9. വിധവകൾ, കുടുംബാംഗങ്ങൾക്ക് മാരകരോഗം, അംഗവൈകല്യം, മാനസിക വൈകല്യം എന്നിവ ഉള്ളവർക്ക് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷകരെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായി കരുതുന്നതാണ്.

10. അപേക്ഷാ തീയതിക്ക് മുൻപുള്ള 12 വർഷത്തിനുള്ളിൽ സർക്കാർ സഹായത്തോടെയുള്ള ഭവന നിർമ്മാണ ഗുണഭോക്താവായിരിക്കരുത്.

## <u>II. ഭവന നിർമ്മാണത്തിന് ഓരോ ഗുണഭോക്താവിനും ഭൂമി ലഭ്യമാക്കുന്നതിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ.</u>

1. അപേക്ഷകൻ 3 സെന്റിൽ കവിയാത്ത ഭൂമി തീരപ്രദേശത്തു നിന്നും 200 മീറ്റർ മാറി സ്വന്തം നിലയിൽ കണ്ടെത്തിയ ശേഷം ഈ വിവരം മത്സ്യഭവൻ ഓഫീസറെ അറിയിക്കേണ്ടതാണ്. മത്സ്യഭവൻ ഓഫീസർ അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി ഈ ഭൂമി വാസയോഗ്യമാണെന്നും കടബാദ്ധ്യതകൾ ഇല്ലാത്തതുമാണെന്ന് ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉറപ്പുവരുത്തേണ്ടതുമാണ്. ഭൂമി വാസയോഗ്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ ഉടനെത്തന്നെ സ്ഥല ഉടമയിൽ നിന്നും ഒരു സമ്മതപത്രം ശേഖരിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ ആധാർ നമ്പർ കൂടി ശേഖരിച്ച് ഭൂരഹിതനാണെന്ന് ഉറപ്പുവരുത്തി ഇരട്ടിപ്പില്ലാതെ സുതാര്യമായി പദ്ധതി നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഇങ്ങനെ ശുപാർശചെയ്യപ്പെടുന്ന ഭൂമി വാങ്ങാവുന്നതാണോയെന്ന് ഉറപ്പാക്കുവാൻ ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ ഒരു ടീം എല്ലാ സ്ഥലവും സന്ദർശിക്കേണ്ടതാണ്. ഈ ടീമിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ, ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർ, മത്സ്യഫെഡ് ജില്ലാ മാനേജർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടേണ്ടതാണ്.

2. കണ്ടെത്തിയ സ്ഥലം ഭവന നിർമ്മാണത്തിന് ഉപയുക്തമല്ലെങ്കിൽ ആയത് ഗുണഭോക്താവിനെ ബോദ്ധ്യപ്പെടുത്തി മറ്റൊരു ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകേണ്ടതാണ്.

3. വാസയോഗ്യമാണെങ്കിൽ വസ്തു ഉടമ ആവശ്യപ്പെടുന്ന വില ഫെയർ വാല്യൂവിനെക്കാൾ കൂടുതലാണെങ്കിൽ ആ പ്രദേശത്തെ ശരാശരി മാർക്കറ്റുവിലയേക്കാൾ അധികമല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഓരോ പ്രദേശത്തെയും ഭൂമിയുടെ ശരാശരി മാർക്കറ്റ് വില ജില്ലാ

പരിശോധനയും സ്ഥലം പരിശോധനയ്ക്കും ശേഷം സ്ഥലം ഉടമയ്ക്ക് സ്ഥലത്തിന്റെ വില DBT സിസ്റ്റം വഴി നൽകേണ്ടതാണ്.

2. അസ്സൽ പ്രമാണം ജില്ലാ ഫിഷറീസ് ഓഫീസർ തന്റെ കൈവശം സൂക്ഷിക്കേണ്ടതും പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിരിക്കേണ്ടതാണ്.

3. തുടർന്ന് ഇതേ സ്ഥലത്ത് വീട് നിർമ്മിക്കാനുള്ള ധനസഹായം അനുവദിക്കേണ്ടതും സമയബന്ധിതമായി പണി പൂർത്തീകരിച്ച അപേക്ഷകൻ സ്ഥലത്തു താമസമാക്കി 10 വർഷം പൂർത്തിയായി എന്ന് ഉറപ്പ് വരുത്തിയശേഷം പ്രമാണത്തിന്റെ അസ്സൽ ശരിയായ രസീതി പ്രകാരം അപേക്ഷകന് നൽകാവുന്നതാണ്. നിർദ്ദിഷ്ട ഭൂമി യാതൊരു കാരണവശാലും ക്രയവിക്രയം നടത്താനോ മറ്റു വിധത്തിൽ അന്യാധീനപ്പെടുത്തുവാനോ ഗുണഭോക്താവിന് അവകാശം ഇല്ലാത്തതും വിവാഹിതരായ വ്യക്തികളുടെ സംഗതിയിൽ ദമ്പതിമാർ രണ്ടുപേരുടെയും പേരിൽ കൂട്ടായി രജിസ്റ്റർ ചെയ്യേണ്ടതും, ഒരാളിനാൽ നയിക്കപ്പെടുന്ന ഗൃഹത്തിന്റെ സംഗതിയിൽ ആ ഗൃഹനാഥന്റെ/ഗൃഹനാഥയുടെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. നേരിട്ടുള്ള ഒരു അനന്തരാവകാശിയുടെ അഭാവത്തിൽ അവകാശം നിയമാനുസൃതമായി ഏറ്റവും അടുത്ത ബന്ധുവിന് വന്ന് ചേരാവുന്നതാണ്.

4. ഭൂരഹിതമത്സ്യത്തൊഴിലാളികൾക്കുള്ള വസ്തു വാങ്ങൽ പദ്ധതി പ്രകാരം വസ്തു വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിന് മുന്തിയ പരിഗണന നൽകേണ്ടതാണ്.

5. സാമ്പത്തിക സഹായം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗഡുക്കളായി മാത്രമേ അപേക്ഷകന് നൽകുകയുള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർ പരിശോധിച്ച് ഉറപ്പാക്കിയശേഷം നൽകേണ്ടതാണ്.

6. സാമ്പത്തിക സഹായത്തിന്റെ ഒന്നാംഗഡു ലഭിച്ച തീയതി മുതൽ 12 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

## IV. ഗുണഭോക്താവിന്റെ തിരഞ്ഞെടുപ്പ്.

1. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് നിലവിൽ ജില്ലാ കളക്ടർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള സമിതി തന്നെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളെയും തിരഞ്ഞെടുക്കേണ്ടത്.

2. അനുവദിക്കാനുള്ള യൂണിറ്റുകളെക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ ഓരോ ജില്ലയിലും അനുവദിക്കുന്ന

കളക്ടറെ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതി നിശ്ചയിച്ച് നൽകേണ്ടതാണ്. കൂടാതെ വസ്തുവിന്റെ ആധാരം പരിശോധിച്ച് പരിസ്ഥിതി ദുർബലപ്രദേശത്തോ CRZ ൽ ഭവന നിർമ്മാണം അനുവദിക്കാത്ത പ്രദേശത്തോ ഉൾപ്പെടുന്നതല്ലെന്നും, സ്വതന്ത്രമായി ക്രയവിക്രയം ചെയ്യാൻ അവകാശമുള്ള ഉടമസ്ഥാവകാശരേഖയുള്ളതാണെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം യാതൊരുതരത്തിലും പണയപ്പെടുത്തിയിട്ടില്ലെന്നും ഉറപ്പാക്കേണ്ടതാണ്.

4. സ്ഥലത്തിന്റെ ആകെ വില രജിസ്ട്രേഷൻ ചെലവുകൾ അടക്കം 6 ലക്ഷത്തിൽ അധികമല്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
5. ഭൂവുടമയിൽ നിന്ന് വസ്തുവിന്റെ ആധാരം, അടിയാധാരം, ഭൂമിയുടെ പ്ലാൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ, ബാങ്ക് അക്കൗണ്ട് വിവരം, 30 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ ശേഖരിച്ച് ഗവൺമെന്റ് പ്ലീഡറിൽ നിന്നും Legal Scrutiny Report ശേഖരിക്കേണ്ടതും ആയതുപ്രകാരം വാങ്ങാവുന്ന ഭൂമിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
6. ഇതിനുശേഷം രജിസ്ട്രേഷൻ ഫീസ് ഇളവ് ചെയ്യാനുള്ള കത്ത് ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർ നൽകേണ്ടതാണ്.
7. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി രജിസ്ട്രാർ (എൽ.ആർ) ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ഫിഷറീസ് ഓഫീസർ, കളക്ടറേറ്റിലെ നിയമവകുപ്പ് ഉദ്യോഗസ്ഥൻ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട സ്ഥലത്തെ തഹസീൽദാർ, എന്നിവർ അടങ്ങിയ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം മാത്രമേ ഭൂമി രജിസ്ട്രേഷൻ നടത്തുവാൻ പാടുള്ളൂ.
8. ക്രയവിക്രയം മൂലം ഉണ്ടാകുന്ന വരുമാനത്തിൻ മേൽ നിയമാനുസൃതമായ ഇൻകംടാക്സ് കൂടി ഒടുക്കേണ്ടതുമാണ്. ടി തുക കുറവ് ചെയ്ത് മാത്രമേ ഭൂവില അനുവദിക്കാൻ പാടുള്ളൂ.
9. സ്ഥലമുടമയും ഗുണഭോക്താവും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുമായി ഒരു ത്രികക്ഷി കരാർ ഒപ്പിടേണ്ടതാണ്. ഭൂമിയുടെ വില കൈമാറുന്നതും സ്ഥലം കൈമാറുന്നതും സംബന്ധിച്ച കാര്യങ്ങൾ കരാറിൽ ഉൾപ്പെടുത്തണം.

## III. ഭൂമിയുടെ രജിസ്ട്രേഷനും വില അനുവദിക്കുന്നതും സംബന്ധിച്ച്

1. സ്ഥലം രജിസ്റ്റർ ചെയ്തശേഷം അസ്സൽ പ്രമാണവുമായി പോക്കുവരവിനുള്ള അപേക്ഷ വില്ലേജാഫീസിൽ കൊടുത്തതിന്റെ രേഖയുമായി അപേക്ഷകനും (ഗുണഭോക്താവ്) സ്ഥലം ഉടമയും ജില്ല ഫിഷറീസ് ഓഫീസിൽ നേരിട്ട് വന്ന് പരിശോധിക്കേണ്ടതാണ്. രേഖകളുടെ

ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കാൻ പാടുള്ളൂ. ബാക്കിയുള്ള 10% നറുക്കെടുക്കപ്പെടാതെപോയ അപേക്ഷകരിൽ പ്രത്യേക പരിഗണന അർഹിക്കേണ്ട ഗണത്തിൽപ്പെടുന്ന വികലാംഗർ, വിധവകൾ, കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെടുന്നവർ മാരകരോഗബാധിതർ മുതലായവരിൽ നിന്നും മുൻഗണനപ്പെടുത്തി സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് തെരഞ്ഞെടുക്കുന്നതാണ്.

3. മുഴുവൻ സമയ മത്സ്യബന്ധനം ഒഴികെ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല. എന്നാൽ സർക്കാർ നിർദ്ദേശമനുസരിച്ച് തീരപ്രദേശത്തുനിന്നു മാറ്റിതാമസിപ്പിക്കുന്നവർക്കും അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കും

4. താമസിച്ചു കിട്ടുന്നത്/അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കാത്തത്/ഒപ്പിടാത്തത്/ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്നാൽ ആയത് ഹാജരാക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സമയത്തേക്കുള്ള സാവകാശം നൽകാവുന്നതാണ്.

5. അപേക്ഷകളിൽ സ്ഥലത്തിന്റെ അതിരുകൾ ചേർക്കേണ്ടതും , അതേസ്ഥലത്തു തന്നെയാണ് വീടു പണിയുന്നതെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

6. ഗുണഭോക്താക്കളുടെ ഭവനത്തിന്റെ 10% എങ്കിലും ജില്ലാ ഓഫീസർ നേരിട്ട് അന്വേഷണം നടത്തേണ്ടതാണ്.

7. പുതുതായി നിർമ്മിക്കുന്ന ഭവനത്തോടൊപ്പം സെപ്റ്റിക് ടാങ്കോടുകൂടിയ ടോയിലറ്റ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

8. ഫിഷറീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ തസ്തികയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണം പരിശോധനകൾ നിർവ്വഹിക്കേണ്ടത്.

9. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

a, മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്

b, റേഷൻ കാർഡിലെ 1,2,3 എന്നീ പേജുകളുടെ പകർപ്പുകൾ.

c, ആധാർ കാർഡ്/ തിരിച്ചറിയൽ രേഖയുടെ പകർപ്പ്.

d. അപേക്ഷകൻ വിധവ/ വികലാംഗൻ/ മാരകരോഗം/ പ്രകൃതി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർ എന്നിവയിലേതെങ്കിലും ഒരു ഗണത്തിൽ ഉൾപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ.

e. അപേക്ഷകന് സ്വന്തമായോ, ജീവിതപങ്കാളിയുടെയോ, മക്കളുടെയോ പേരിൽ സ്ഥലം ഇല്ലെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.

10. വീടിന്റെ അടിസ്ഥാന നിർമ്മാണം പൂർത്തിയായ ഘട്ടത്തിലെയും വീട് നിർമ്മാണം പൂർത്തീകരിച്ചശേഷവും ഉള്ള GPS Co-ordinator രേഖപ്പെടുത്തിയ ഫോട്ടോകൾ യഥാസമയം എടുത്തു ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

11. ധനസഹായം ഡി.ബി.ടി വഴി മാത്രമേ ഗുണഭോക്താവിന് അനുവദിക്കുവാൻ പാടുള്ളൂ.

12. ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവ് ഫിഷറീസ് ജില്ലാ ഓഫീസറുമായി കരാറിലേർപ്പെട്ട ഭവനത്തിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കഴിഞ്ഞാൽ ഒന്നാം ഗഡു നൽകാവുന്നതാണ്. ഭവനത്തിന്റെ ലിന്റൽ ലെവൽ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവും മേൽക്കൂര നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നാം ഗഡുവും നൽകേണ്ടതാണ്.

## V. വകുപ്പ് നേരിട്ട് ഭൂമി വാങ്ങി നൽകൽ

മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്താനാകുന്നില്ലായെങ്കിൽ നിലവിൽ ഭൂമി വാങ്ങുന്നതിനുള്ള അഥവാ ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുത്തു ഓരോ ഗുണഭോക്താവിനും 2-3 സെന്റ് വീതം ഭൂമി ലഭ്യമാക്കാൻ ജില്ലാ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി കണ്ടെത്തുന്ന ഭൂമിയുടെ അനുയോജ്യത തിട്ടപ്പെടുത്താൻ ഒരു ടീമിനെ ജില്ലാതലത്തിൽ ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ ഫിഷറീസ് ഓഫീസർ ചെയർമാനും ഓരോ പ്രദേശത്തെയും മൽസ്യഭവൻ ഓഫീസർമാർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും പ്രതിനിധികൾ, മത്സ്യഫെഡ് ജില്ലാ ഓഫീസർ എന്നിവർ അംഗങ്ങളും ഓരോ ജില്ലയിലെയും ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായി ഒരു 'Land Suitability Appraisal cum Search Committee രൂപീകരിക്കേണ്ടതാണ്. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാർ ജില്ലാ ഓഫീസർമാരായുള്ള ജില്ലകളിൽ ഫിഷറീസ് വകുപ്പിലെ ഫിഷറീസ് ഇൻസ്പെക്ടർ തസ്തികയിൽ താഴെയല്ലാത്ത ഒരു ഉദ്യാഗസ്ഥൻ നിർദ്ദിഷ്ട കമ്മറ്റിയുടെ കൺവീനറായി പ്രവർത്തിക്കേണ്ടതാണ്. അനുയോജ്യമായ ഭൂമി കണ്ടെത്തി പദ്ധതിക്കായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ മേൽനോട്ടം പ്രസ്തുത കമ്മിറ്റിക്കായിരിക്കും.

ഗവർണറുടെ ഉത്തരവിൻപ്രകാരം
അച്ചൻകുഞ്ഞ്. എം
ഗവൺമെൻറ് ജോയിൻറ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

<u>പകർപ്പ്</u>

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

സെക്ഷൻ ആഫീസർ